"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പൊന്നാനി ബിയ്യം കായലിൽ നടക്കുന്ന വള്ളംകളിക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1371/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-
1. പൊന്നാനി എംഎൽഎ സമർപ്പിച്ചിരിക്കുന്ന 10.07.2026 തീയതിയിലെ അപേക്ഷ
2. സ.ഉ.(സാധാ)നം.2517/2025/ത.സ്വ.ഭ.വ. തീയതി 17-10-2025 നമ്പർ ഉത്തരവ്

**ഉത്തരവ്**

ഓണത്തിനോടനുബന്ധിച്ച് നടത്തുന്ന ടൂറിസം വാരാഘോഷവും ബിയ്യം കായലിൽ നടന്നുവരുന്ന വള്ളംകളി മത്സരവും ഭംഗിയായി നടത്തുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് മുൻ വർഷങ്ങളിൽ നൽകിയ മാതൃകയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു സൂചന 1 പ്രകാരം പൊന്നാനി എം.എൽ.എ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓണത്തിനോടനുബന്ധിച്ച് ബിയ്യം കായലിൽ നടത്തുന്ന ടൂറിസം വാരാഘോഷവും വള്ളംകളി മത്സരവും ഭംഗിയായി നടത്തുന്നതിന് മുൻ വർഷത്തിൽ ധനസഹായം നൽകിയ മാതൃകയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ നിന്ന് 300000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയും പൊന്നാനി താലൂക്കിലെ പഞ്ചായത്തുകളിൽ നിന്ന് 100000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 28-07-2026
12:26:55

സെക്ഷൻ ഓഫീസർ